I O (web)

I/5825928/2023

<u>പത്രക്കുറിപ്പ്</u>

**ഡോക്യുമെന്ററി സംവിധായകരുടെ പാനൽ; അപേക്ഷ ക്ഷണിച്ചു**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഡോക്യുമെന്ററി, ഹ്രസ്വചിത്ര സംവിധായകരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു. എ, ബി, സി വിഭാഗങ്ങളായാണ് സംവിധായകരുടെ പാനൽ തയ്യാറാക്കുന്നത്. ഇതോടൊപ്പം സമൂഹ മാധ്യമങ്ങളിൽ സർഗാത്മകമായ ഷോർട്സ്, റീൽസ്, ട്രോൾ വീഡിയോകൾ എന്നിവ നിർമിച്ചു അംഗീകാരവും ശ്രദ്ധേയ പ്രതികരണങ്ങളും നേടിയവരുടെ പ്രത്യേക പട്ടികയും തയ്യാറാക്കുന്നുണ്ട്. നിലവിലെ പാനലിൽ ഉൾപ്പെട്ടിട്ടുള്ളവരും പുതിയ പാനലിൽ ഉൾപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കണം.

യോഗ്യത:
2.2.2019 ലെ സർക്കാർ ഉത്തരവ് (സാദാ) നമ്പർ 19/ 2019/ ഐ - പി ആർ പ്രകാരം എ, ബി, സി കാറ്റഗറികളിലേക്കു അപേക്ഷ സമർപ്പിക്കേണ്ടവരുടെ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട് .

എ വിഭാഗം- ഡോക്യുമെന്ററി സംവിധാനത്തിന് ദേശീയ പുരസ്കാരമോ ഇന്ത്യൻ പനോരമയിൽ പ്രവേശനമോ അന്താരാഷ്ട്ര മേളകളിലെ ഡോക്യുമെന്ററി വിഭാഗത്തിൽ പ്രവേശനമോ ലഭിച്ച സൃഷ്ടിയുടെ സംവിധായകൻ.

ബി വിഭാഗം- ഡോക്യുമെന്ററിക്കോ ഡോക്യുമെന്ററി സംവിധാനത്തിനോ സംസ്ഥാന ടെലിവിഷൻ അവാർഡ്, ഡോക്യുമെന്ററിക്കുള്ള ഇതര സംസ്ഥാന അവാർഡ് ഐ-പി.ആർ.ഡി.യോ കേന്ദ്ര വാർത്താവിതരണ മന്ത്രാലയമോ നോട്ടിഫൈ ചെയ്ത മറ്റേതെങ്കിലും അവാർഡ് നേടിയവർ, പൂനെ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കത്തയിലെ സത്യജിത്ത് റായി ഇൻസ്റ്റിറ്റ്യൂട്ട്, അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്നിവിടങ്ങളിൽ നിന്ന് ചലച്ചിത്ര സംവിധാനത്തിൽ ഡിഗ്രിയോ ഡിപ്ലോമയോ അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാല അംഗീകരിച്ചതോ അവയുമായി അഫിലിയേറ്റ് ചെയ്തതോ ആയ സ്ഥാപനത്തിൽ നിന്ന് സംവിധാന കലയിൽ ഡിഗ്രിയോ ഡിപ്ലോമയോ നേടിയവർ.

സി വിഭാഗം- കുറഞ്ഞത് അഞ്ച് ഡോക്യുമെന്ററികളെങ്കിലും സംവിധാനം ചെയ്തിട്ടുള്ളവർ അല്ലെങ്കിൽ മാസ് കമ്മ്യൂണിക്കേഷനിൽ ബിരുദമോ ഡിപ്ലോമയോ നേടിയവർ.

ഡി വിഭാഗം- സമൂഹ മാധ്യമങ്ങളിൽ സർഗാത്മകമായ ഷോർട്സ്, റീൽസ്, ട്രോൾ വീഡിയോകൾ എന്നിവ നിർമിച്ചു അംഗീകാരവും ശ്രദ്ധേയ പ്രതികരണവും നേടിയവർ.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം സമർപ്പിക്കണം. മുമ്പ് ചെയ്ത സൃഷ്ടികൾ പെൻഡ്രൈവിലോ, സൃഷ്ടികളുടെ സോഷ്യൽ മീഡിയലിങ്കോ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് അഭികാമ്യം.
ഡി വിഭാഗത്തിലേക്ക് അപേക്ഷിക്കുന്നവർ പരമാവധി പ്രചരിപ്പിച്ച സൃഷ്ടികളുടെ ലിങ്ക് ഉൾപ്പെടുത്തിയിരിക്കണം.

അപേക്ഷിക്കേണ്ട വിലാസം: ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. അവസാന തിയതി: 2023 സെപ്റ്റംബർ 20. അപേക്ഷയുടെ മാതൃക ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2518866, 0471 2518908.

I/5838012/2023

## ഡോക്യുമെന്ററി പാനൽ- പ്രൊഫോർമ

പേര്:

വിലാസം:

മൊബൈൽ നമ്പർ:

ഇ-മെയിൽ:

ജനനതീയതി:

ആധാർ നമ്പർ:

അപേക്ഷിക്കുന്ന വിഭാഗം: എ/ബി/സി/ ഡി

വിദ്യാഭ്യാസ യോഗ്യത:

പാനലിൽ അംഗമാകുന്നതിനുള്ള യോഗ്യത:

പി.ആർ.ഡിയുടെ പാനലിൽ നേരത്തെ ഉൾപ്പെട്ടിട്ടുണ്ടോ?:

ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിവരം:

നേരത്തെ ചെയ്ത ക്രിയേറ്റീവുകളുടെ ലിങ്ക്:

മറ്റ് വിവരങ്ങൾ:

തിയതി:

സ്ഥലം: ഒപ്പ്:

(ഉള്ളടക്കം: യോഗ്യത സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവയുടെ പകർപ്പ്, അപേക്ഷ, പാസ്പോർട്ട് സൈസ് ഫോട്ടോ)